പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1242 — 03.12.2018-ൽ മറുപടിക്ക്

**മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേതല ചെത്തുപാലം വരെ ദേശീയപാതയിൽ നിർമ്മിക്കുന്ന മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) മലപ്പുറം ഫ്ളൈഓവർ നിർമ്മാണം കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി 10/07/2017-ലെ ജി.ഒ(ആർ.റ്റി) നം.942/2017/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ഇൻ പ്രിൻസിപ്പിൾ എ.എസ് നൽകി എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിച്ചിട്ടുളളതാകുന്നു. പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായ EI Technologies Pvt. Ltd-നെ ഏൽപ്പിച്ചിട്ടുള്ളതാണ്. |
| (ബി) പദ്ധതിയുടെ എസ്.പി.വി. യായ ആർ.ബി.ഡി.സി.കെ. പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഏജൻസി 07/08/2018-ന് കോൺസപ്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്ന് ട്രാഫിക്, ടോപ്പോഗ്രാഫിക് സർവ്വേകൾ പൂർത്തിയാക്കി 11/10/2018-ന് അലൈൻമെന്റ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. |
| (സി) പദ്ധതിയുടെ നിരാക്ഷേപ പത്രത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ